സഹായത്തോടെ സഹകരണവൽക്കരണം, 100% സഹായത്തോടെ മഹിള കയർ വികസന പദ്ധതി, എസ്.ജി.എസ്.വൈ. മുഖേനയുള്ള തൊണ്ട് ശേഖരണം എന്നീ പദ്ധതികൾ കയർ മേഖലയിൽ നടപ്പാക്കി വരുന്നു. കൈത്തറി മേഖലയിൽ 10,000 നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള ഇന്റഗ്രേറ്റഡ് ഹാൻഡ്ലൂം ട്രെയിനിംഗ് പദ്ധതി, ദീൻദയാൽ വികസന പദ്ധതി, ഹാൻഡ്ലൂം എക്സ്പോർട്സ് സ്കീം എന്നിവ സമർപ്പിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിൽ ഫാക്ടറിയോടനുബന്ധിച്ച് ഒരു ശിശു സംരക്ഷണശാല, ഒരു കാഷ്യൂ പ്രൊസസിംഗ് യൂണിറ്റ് ഇവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

കരകൗശല മേഖലയിൽ ബാബ സാഹിബ് അംബേദ്കർ ഹസ്ത ശിൽപ വികാസ് യോജന, അർബൻ ഹാത്ത്, ഡിസൈൻ ആന്റ് ടെക്നോളജി അപ്ഗ്രഡേഷൻ, എക്സ്പോർട്ട് പ്രൊമോഷൻ, റിസർച്ച് ആന്റ് ഡവലപ്പ്മെന്റ്, അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം, ട്രെയിനിംഗ് ആന്റ് എക്സ്റ്റൻഷൻ എന്നിവയ്ക്കാവശ്യമായ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ബാംബൂ മിഷനിൽനിന്നും സഹായം ലഭിക്കുന്നതിനും പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

119 [1309] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ഡോ. തോമസ് ഐസക്:

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം പരമ്പരാഗത വ്യവസായ മേഖലയിലെ കേന്ദ്ര സഹായ പദ്ധതികളെ സംബന്ധിച്ചാണ് കേന്ദ്ര സർക്കാർ പ്രതിനിധികളുമായി നേരിട്ട് ചർച്ച നടത്തിയത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കയർ മേഖലയിൽ, കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനക്കായുള്ള വിപണി വികസന ധനസഹായം, സഹകരണവൽക്കരണം, മഹിളാ കയർ

LIBRARY ARCHIVES Kerala Legislative Assembly

വികസന പദ്ധതി, എസ്. ജി. എസ്.വൈ. മുഖേനയുള്ള തൊണ്ട് ശേഖരണം മുതലായവയും, കൈത്തറി മേഖലയിൽ ദീൻദയാൽ ഹത്കർഗ് പ്രോൽസാഹൻ യോജന, എക്സ്പോർട്ട് സ്കീം, ഇന്റഗ്രേറ്റഡ് ട്രെയിനിംഗ് പ്രോജക്ട്, ഹെൽത്ത് പാക്കേജ് സ്കീം, ഹൗസ് കം വർക്ക് ഷെഡ് സ്കീം, കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് സ്കീം തുടങ്ങിയവയും കരകൗശല മേഖലയിൽ ബാബ സാഹിബ് അംബേദ്കർ ഹാസ്ത ശിൽപ വികാസ് യോജന, അർബൺ ഹാത്ത്, ഡിസൈൻ ടെക്നോളജി ആന്റ് അപ്ഗ്രഡേഷൻ, എക്സ്പോർട്ട് പ്രമോഷൻ, റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം എന്നിവയും കശുവണ്ടി മേഖലയിൽ കശുവണ്ടി പരിപ്പ് കേടു കൂടാതെ സൂക്ഷിക്കുവാൻ പ്രത്യേക സംവിധാനത്തിലുള്ള ഗോഡൗൺ നിർമ്മാണം, ശിശു സംരക്ഷണ ശാല, കാഷ്യൂ പ്രോസസിംഗ് യൂണിറ്റ് എന്നിവയുമാണ് കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) കയർ മേഖലയിൽ കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പ്രത്യേക പദ്ധതി, സഹകരണവൽക്കരണം, മഹിളാ കയർ യോജന, എസ്. ജി. എസ്. വൈ. മുഖേനയുള്ള തൊണ്ടു ശേഖരണം എന്നീ പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ മാർക്കറ്റിംഗ് ഇൻസെന്റീവ് 10% അനുവദിക്കുക, ഡി.ഡി.എച്ച്.പി.വൈ സ്കീമിലെ മറ്റു ധനസഹായം, അപ്പെക്സ് സംഘങ്ങളെ ശക്തിപ്പെടുത്തൽ, മിനി പ്രോസസ് ഹൗസുകൾ ശക്തിപ്പെടുത്തൽ പദ്ധതി, ഹാന്റ് ലൂം ഡവലപ്പ്മെന്റ് സെന്റർ, ക്വാളിറ്റി ഡൈയിംഗ് യൂണിറ്റ് പദ്ധതികളിലെ വീഴ്ചകൾ പുനഃപരിശോധിക്കുക, എക്സൈസ് തീരുവ നീക്കം ചെയ്യുക, ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം ട്രെയിനിംഗ് പ്രോജക്ട്, അംശദാന മിതവ്യയ ഫണ്ട്, 10% റിബേറ്റ്, 10-ാം പദ്ധതിക്കാലം മുഴുവൻ കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ വിറ്റഴിക്കാൻ അനുവദിക്കുക മുതലായവയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കരകൗശലം, കശുവണ്ടി, ഈറ്റ എന്നീ മേഖലകളിൽ പുതിയ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) കയർ, ഖാദി ഗ്രാമ വ്യവസായ മേഖലകളിലെ പദ്ധതികളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ പ്രതിനിധികളുമായി നേരിട്ട് ചർച്ച നടത്തിയിട്ടുണ്ട്.

പരമ്പരാഗത വ്യവസായ നിധി

120 [1318] ശ്രീ. എം. വി. ജയരാജൻ:

,, കെ. വി. കുഞ്ഞിരാമൻ:

,, രാജു എബ്രാഹാം:

,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി, പരമ്പരാഗത വ്യവസായ നിധി ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly